ഉത്തരം

(എ) അന്ധവിശ്വാസത്തിന്റെ പേരിലുള്ള പീഡനത്തിനും ആക്രമണത്തിനും സ്ത്രീകൾ ഇരയാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് നിയമം കൊണ്ടുവരുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു.

കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം

255 (2129) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ സി.ആർ.പി.സി. പ്രകാരം എന്തെല്ലാം നഷ്ട പരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദ വിവരങ്ങൾ നൽകാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. Cr. P.C (Amendment) Act, 2008 (No. 5 of 2009) പ്രകാരം 31-12-2009-ൽ പ്രാബല്യത്തിൽ വന്ന Cr.P.C സെക്ഷൻ 357-A പ്രകാരം വിഭാവനം ചെയ്ത Victim Compensation Scheme-2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 24-2-2014 തീയതിലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 37/2014/ ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ഒരു ക്ഷേമ പദ്ധതി എന്ന നിലയിലാണ് സർക്കാർ പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ആശ്രിതർക്ക്, കുറ്റകൃത്യത്തിന്റെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും, അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്:

1. വാർഷിക ബഡ്ജറ്റിൽ വകയിരുത്തപ്പെടുന്ന തുക.
2. Cr.P.C സെക്ഷൻ 357 അനുസരിച്ച് പിഴ ഇനത്തിൽ ഈടാക്കുന്ന തുക.
3. സംഘടനകളിൽനിന്നും, വ്യക്തികളിൽനിന്നും, ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും.

ഈ സ്കീമിന്റെ നിയന്ത്രണവും ഭരണവും, ഒപ്പം പുരോഗതി വിലയിരുത്തലും നടത്തുന്നതിന് ആഭ്യന്തര വകുപ്പിനെയാണ് 'Nodal Department' ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary, Kerala State Legal Service Authority'-യ്ക്കാണ് നൽകിയിരിക്കുന്നത്.

(സി) പ്രസ്തുത സ്കീമിലൂടെ നൽകാനുദ്ദേശിക്കുന്ന നഷ്ടപരിഹാര തുകയെ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഡി) പദ്ധതിക്ക് ഭരണാനുമതി നൽകി കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് രൂപീകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി

256 (2130) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) സ്റ്റേഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ താൽക്കാലിക സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്താൻ സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ച ശേഷം പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. താൽക്കാലിക സ്റ്റേഷൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly